# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ-83** **02.03.2020-ലെ മറുപടിക്ക്**

**<u>നോർക്ക റൂട്ട്സ് മുഖേന നൽകിവരുന്ന സേവനങ്ങൾ</u>**

| **<u>ചോദ്യം</u>** | **<u>മറുപടി</u>** |
|---|---|
| ശ്രീ.എം.സി.കമറുദ്ദീൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) നോർക്ക റൂട്ട്സ് മുഖേന നിലവിൽ നൽകിവരുന്ന സേവനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) **(1)സാന്ത്വന ധനസഹായ പദ്ധതി** - പ്രവാസ ജീവിതം കഴിഞ്ഞ് നാട്ടിൽ മടങ്ങിയെത്തിയ, സാമ്പത്തികവും, ശാരീരികവുമായി അവശതയനുഭവിക്കുന്ന പ്രവാസികളുടേയും അവരുടെ കുടുംബങ്ങളുടെയും സഹായത്തിനായി രൂപീകരിച്ച പദ്ധതി.<br>**(2) പ്രവാസി പുനരധിവാസ പദ്ധതി (NDPREM)** - തിരികെയെത്തിയ പ്രവാസികളെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് സ്വയം തൊഴിൽ സംരംഭങ്ങൾ സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിന് ആവശ്യമായ കൈത്താങ്ങൽ നൽകുന്ന പദ്ധതി.<br>**(3) എമർജൻസി റിപ്പാട്രിയേഷൻ പദ്ധതി** - യുദ്ധം, ആഭ്യന്തര കലാപം, പ്രകൃതി ദുരന്തം എന്നീ കാരണങ്ങളാൽ വിദേശ രാഷ്ട്രങ്ങളിൽനിന്നും പ്രവാസി മലയാളികളെ അവരുടെ താമസസ്ഥലത്ത് നിന്നോ, തൊഴിൽ സ്ഥലത്ത് നിന്നോ വിദേശകാര്യ മന്ത്രാലത്തിന്റെ സഹായത്തോടുകൂടി മാറ്റേണ്ട സാഹചര്യത്തിൽ നടപ്പിലാക്കുന്ന സഹായ പദ്ധതി.<br>**(4) നൈപുണ്യ വികാസവും നൈപുണ്യ പുതുക്കൽ പരിശീലനവും** - വിദേശ തൊഴിൽ കമ്പോളത്തിലെ വെല്ലുവിളികൾ നേരിടുന്നതിനായി കേരളത്തിലെ യുവതീയുവാക്കൾക്കുള്ള നൈപുണ്യ നവീകരണ പദ്ധതി.<br>**(5) സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ** - വിദേശത്ത് ജോലിക്ക് ശ്രമിക്കുന്ന മലയാളികൾക്ക് എല്ലാ ജി.സി.സി. രാജ്യങ്ങളിലേക്കുമുള്ള സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷന് (എച്ച്.ആർ.ഡി.) നോർക്ക-റൂട്ട്സിന്റെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് മേഖലാ ഓഫീസുകളിൽ സൗകര്യമൊരുക്കിയിട്ടുണ്ട്. ഇതിന് പുറമെ വിദേശ രാജ്യങ്ങളിൽ സമർപ്പിക്കുവാനുള്ള കേരളത്തിൽ നിന്നുള്ള രേഖകളുടെ ആഭ്യന്തര അറ്റസ്റ്റേഷൻ സേവനം ലഭ്യമാക്കുന്നതിനുള്ള നോഡൽ ഏജൻസിയായി |

നോർക്ക-റൂട്ട്സിനെക്കൂടി സർക്കാർ ഉൾപ്പെടുത്തിയിട്ടുണ്ട്.

**(6) വിദേശ ജോലികൾക്കുള്ള റിക്രൂട്ട്മെന്റ്** - വിദേശരാജ്യങ്ങളിൽ ലഭ്യമായ വിവിധ തൊഴിൽ മേഖലകളിലേയ്ക്ക് കേരളത്തിൽ നിന്നും ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുത്ത് അയക്കുവാനുള്ള കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിന്റെ അംഗീകാരമുള്ള റിക്രൂട്ട്മെന്റ് ഏജൻസിയാണ് നോർക്ക-റൂട്ട്സ്.

**(7) പ്രീഡിപ്പാർച്ചർ ഓറിയന്റേഷൻ പരിപാടികൾ** - വിദേശത്ത് തൊഴിൽ സാധ്യത തേടുന്നവർക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിനായും, സുരക്ഷിതവും നിയമപരവും ധാർമ്മികവുമായ കുടിയേറ്റം പ്രോത്സാഹിപ്പിക്കുന്നതിനായും തെരഞ്ഞെടുത്ത സ്ഥാപനങ്ങൾ മുഖേന നോർക്ക-റൂട്ട്സ് സമഗ്രമായി പ്രീഡിപ്പാർച്ചർ പരിശീലന പരിപാടികൾ നടപ്പിലാക്കിയിട്ടുണ്ട്.

**(8) ജോബ് പോർട്ടൽ** - മികവുറ്റ തൊഴിലാളികളെ കണ്ടെത്തുന്നതിന് തൊഴിൽദായകരുടെയും തൊഴിൽ മേഖലയിൽ തങ്ങളുടെ സ്വപ്നങ്ങൾ സാക്ഷാത്ക്കരിക്കാൻ ആഗ്രഹിക്കുന്ന തൊഴിൽ അന്വേഷകരുടേയും ഒരു ഓൺലൈൻ പൊതുവേദിയാണ് ജോബ് പോർട്ടൽ.

**(9) നോർക്ക എമർജൻസി ആംബുലൻസ് സർവ്വീസ്** - അസുഖബാധിതരായി നാട്ടിലേയ്ക്ക് മടങ്ങുന്ന വിദേശമലയാളികളെ അല്ലെങ്കിൽ വിദേശത്ത് മരണപ്പെടുന്ന മലയാളികളുടെ ഭൗതികശരീരം കേരളത്തിലെ ഏത് വിമാനത്താവളത്തിൽനിന്നും അവരുടെ വീട്ടിലേയ്ക്കോ അവർ ആവശ്യപ്പെടുന്ന ആശുപത്രിയിലേയ്ക്കോ സൗജന്യമായി എത്തിക്കുന്ന പദ്ധതിയാണ് നോർക്ക എമർജൻസി ആംബുലൻസ് സർവ്വീസ്. ഈ സേവനം ഇപ്പോൾ മംഗലാപുരം, കോയമ്പത്തൂർ വിമാനത്താവളങ്ങളിലേക്കും നീട്ടിയിട്ടുണ്ട്.

**(10) പ്രവാസി നിയമസഹായ പദ്ധതി** - കേരളീയരായ പ്രവാസികളുടെ നിയമപ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ മലയാളികളായ അഭിഭാഷകരുടെ സൗജന്യ സേവനം നൽകുന്ന പദ്ധതിയാണ് പ്രവാസി നിയമ സഹായ സെൽ.

**(11) ലോക കേരള സഭ** - ലോകത്താകെയുള്ള കേരളീയരുടെ കൂട്ടായ്മയും പരസ്പര സഹകരണവും പ്രോത്സാഹിപ്പിക്കുന്നതിനും കേരള സംസ്കാരത്തിന്റെ പുരോഗമനപരമായ വികസനത്തിനും വേണ്ടി പ്രവർത്തിക്കുകയുമാണ് ലോക കേരള സഭയുടെ ലക്ഷ്യം.

**(12) നോർക്ക-റൂട്ട്സ് ഡയറക്ടേഴ്സ് സ്കോളർഷിപ്പ് പദ്ധതി** - കേരളത്തിന്റെ സാമ്പത്തിക വളർച്ചയുടെ പ്രധാന കണ്ണിയായ പ്രവാസി മലയാളികളിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുടെ കുട്ടികളുടെ ഉന്നത

വിദ്യാഭ്യാസത്തിന് ധനസഹായം നൽകുന്നതിന് വേണ്ടിയാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

**(13) ലോക കേരള കേന്ദ്രം** – കേരളത്തിന്റെ സംസ്കാരം, തനിമ, കലാമൂല്യങ്ങൾ മുതലായവ ഉൾക്കൊള്ളിച്ച് കൊണ്ട് കേരളീയ പ്രവാസി കാര്യവകുപ്പിന്റെ (നോർക്ക) അധീനതയിൽ മാവേലിക്കരയിൽ പ്രവാസി മലയാളികളുടെ സാമ്പത്തിക സഹകരണത്തോടെയാണ് ലോക കേരള കേന്ദ്രം സ്ഥാപിക്കുന്നത്.

**(14) പ്രവാസി സംഘങ്ങൾക്കുള്ള ധനസഹായം** – പ്രവാസജീവിതം കഴിഞ്ഞ് തിരികെ എത്തിയവരുടെ പുനരധിവാസവും സാമ്പത്തിക ഉന്നമനവും ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന കൂട്ടായ്മകളായ പ്രവാസി സംഘങ്ങളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി, സംഘങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ധനസഹായം നൽകുന്ന പദ്ധതിയാണിത്.

**(15) നോർക്ക എയർഫെയർ** – ഇന്ത്യയിൽനിന്നും വിദേശത്തേയ്ക്കും തിരിച്ചും ഒമാൻ/കുവൈറ്റ് എയർ വിമാനങ്ങളിൽ യാത്ര ചെയ്യുന്ന നോർക്ക-റൂട്ട്സിന്റെ തിരിച്ചറിയൽ കാർഡ് ഉള്ള പ്രവാസികൾക്കും, കുടുംബാംഗങ്ങൾക്കും യാത്രാനിരക്കിൽ ഇളവ് നൽകുന്ന പദ്ധതിയാണിത്.

**(16) നോർക്ക ബിസിനസ് ഫെസിലിറ്റേഷൻ സെന്റർ (എൻ.ബി.എഫ്.സി.)** – കേരളത്തിലെ വ്യവസായ സംരംഭക സാദ്ധ്യതകൾ പഠിച്ച് മുൻഗണനാ ക്രമത്തിൽ സംരംഭകർക്ക് മുമ്പിൽ അവതരിപ്പിക്കാനും അപ്രകാരം സംരംഭങ്ങൾ തുടങ്ങാനുള്ള സാങ്കേതികവും സാമ്പത്തികവുമായ ഉപദേശങ്ങൾ നൽകുകയും ചെയ്യുക വഴി നിക്ഷേപം നടത്താൻ പ്രവാസി സംരംഭകർക്ക് പ്രചോദനം നൽകുകയാണ് എൻബിഎഫ് സി-യുടെ ലക്ഷ്യം.

**(17) നോർക്ക അസിസ്റ്റഡ് ബോഡി റിപ്പാട്രിയേഷൻ സ്കീം** – വിദേശ രാജ്യങ്ങളിൽ മരണപ്പെടുന്ന പ്രവാസികളുടെ ഭൗതികശരീരം എംബസ്സിയോ മറ്റ് അസോസിയേഷനുകളോ, സ്പോൺസറോ സഹായിക്കുവാൻ ഇല്ലാത്ത പക്ഷം സൗജന്യമായി നാട്ടിലെത്തിക്കുന്നതിനുള്ള നോർക്ക അസിസ്റ്റഡ് ബോഡി റിപാട്രിയേഷൻ സ്കീം-എമർജൻസി റിപാട്രിയേഷൻ പദ്ധതിയുടെ ഉപപദ്ധതി.

**(18) വനിത എൻ.ആർ.ഐ. സെൽ** – കുടിയേറ്റക്കാരായ വനിതകളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വനിത എൻ.ആർ.ഐ. സെൽ രൂപീകരിച്ചു.

**(19) നോർക്ക ഗ്ലോബൽ കോൺടാക്റ്റ് സെന്റർ** – ലോകമെമ്പാടുമുള്ള പ്രവാസി മലയാളികൾക്ക് കേരള

സർക്കാരിൽ നിന്നും നോർക്ക സംബന്ധിച്ച് ലഭിക്കുന്ന സേവനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുന്നതിനും അവർക്കുള്ള പരാതികൾ അധികൃതരെ അറിയിക്കുന്നതിനുമായി അന്താരാഷ്ട്ര ടോൾ ഫ്രീ നമ്പർ സൗകര്യത്തോടുകൂടി ഗ്ലോബൽ കോൺടാക്റ്റ് സെന്റർ നടപ്പിലാക്കി പ്രവർത്തിക്കുന്നു.

**(20) നോർക്ക-റൂട്ട്സ് പ്രവാസി തിരിച്ചറിയൽ/ ഇൻഷ്വറൻസ് കാർഡ്** - വിദേശത്ത് 6 മാസത്തിൽ കൂടുതൽ രേഖാമൂലം ജോലി ചെയ്യുകയോ, താമസിക്കുകയോ ചെയ്യുന്ന 18 വയസ്സിന് മുകളിൽ ഉള്ളവർക്കാണ് 3 വർഷത്തെ കാലാവധിയുള്ള നോർക്ക-റൂട്ട്സ് പ്രവാസി തിരിച്ചറിയൽ കാർഡ് നൽകുന്നത്. ടി കാർഡിൽ അംഗമായിട്ടുള്ളവർക്ക് രണ്ട് ലക്ഷം രൂപയുടെ അപകട ഇൻഷ്വറൻസ് പരിരക്ഷയും സ്ഥിരമായ അംഗവൈകല്യത്തിന് പരമാവധി ഒരു ലക്ഷം രൂപയും നൽകിവരുന്നു.

(ബി) വിദേശത്ത് ജോലിക്ക് ശ്രമിക്കുന്ന കാസർഗോഡ് ജില്ലയിലെ ഉദ്യോഗാർത്ഥികൾക്ക് സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ ചെയ്യുന്നതിന് സമയനഷ്ടമുണ്ടാകുന്നതിനാൽ കാസർഗോഡ് നോർക്ക റൂട്ട്സിന്റെ സേവനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(ബി) നോർക്ക-റൂട്ട്സിന്റെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് മേഖലാ ഓഫീസുകൾ മുഖാന്തിരം വിദേശതൊഴിൽ കാംക്ഷികൾക്ക് അറ്റസ്റ്റേഷൻ സേവനം ലഭ്യമാക്കുന്നുണ്ട്. അറ്റസ്റ്റേഷൻ സേവനം നിലവിൽ മേഖലാ ഓഫീസുകൾ വഴി മാത്രമാണ് നൽകിവരുന്നത്. കാസർഗോഡ് ജില്ലയിൽനിന്നുള്ള ഉദ്യോഗാർത്ഥികൾക്ക് കോഴിക്കോട് മേഖലാ ഓഫീസിൽ അറ്റസ്റ്റേഷൻ സൗകര്യം ലഭ്യമാണ്. എന്നാൽ സാദ്ധ്യമായ ദിവസങ്ങളിൽ കണ്ണൂർ/കാസർഗോഡ് ജില്ലകളിൽ നിന്നുള്ള ഉദ്യോഗാർത്ഥികൾക്കായി കണ്ണൂർ ജില്ലാ ആസ്ഥാനത്ത് മാസത്തിലൊരിക്കൽ അറ്റസ്റ്റേഷൻ സേവനം ഇപ്പോൾ ലഭ്യമാക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ